II ഇ.ബി. XV- കേരള നിയമസഭ/XIV-3

# പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2025 സെപ്റ്റംബർ 18, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

11 (*61) <u>പട്ടികജാതി നഗറുകളുടെ സമഗ്ര വികസനം</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പട്ടികജാതി നഗറുകളുടെ സമഗ്ര വികസനത്തിന് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി ഗ്രാമങ്ങളിൽ ഒരു കോടി രൂപ വരെയുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ടെന്നും പദ്ധതിയുടെ 50 ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്നും പദ്ധതി നടത്തിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഏൽപ്പിച്ചിട്ടുണ്ടെന്നും 2025-26

സാമ്പത്തിക വർഷം 73 ഗ്രാമങ്ങളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കോർപ്പസ് ഫണ്ട് പദ്ധതികളിലുൾപ്പെടുത്തിയും ത്രിതല ഗ്രാമ പഞ്ചായത്തുകളുടെ ഫണ്ടുപയോഗിച്ചും പട്ടികജാതി ഗ്രാമങ്ങളിലെ വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കുറഞ്ഞത് 25 പട്ടികജാതി കുടുംബങ്ങളുള്ള ഗ്രാമങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതെന്നും കുടുംബങ്ങളുടെ എണ്ണം 25-ൽ കുറവുള്ള ഗ്രാമങ്ങൾ/നഗറുകൾ ഉൾപ്പെടുത്തേണ്ട സാഹചര്യത്തിൽ അതേ വാർഡിലെയോ തൊട്ടടുത്ത വാർഡിലെയോ ഒരു നഗറിനെക്കൂടി ഉൾപ്പെടുത്തി 25 കുടുംബങ്ങളുടെ ക്ലസ്റ്ററുകളായി പദ്ധതി നടപ്പാക്കാവുന്നതാണെന്നും 10-ൽ താഴെയുള്ള കുടുംബങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിലവിലെ മാനദണ്ഡപ്രകാരം ഗ്രാമങ്ങൾക്കുള്ളിലെ റോഡ്/നടപ്പാത നിർമ്മാണം, കുടിവെള്ള വിതരണം, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഭവന പുനരുദ്ധാരണം, വൈദ്യുതീകരണം, ടോയ്‌ലെറ്റ് നിർമ്മാണം, കിണർ നവീകരണം തുടങ്ങിയ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് മന്ത്രി വ്യക്തമാക്കി.

എസ്.സി.-എസ്.ടി പ്രൊമോട്ടർമാരുടെ ഓണറേറിയവും എസ്.സി.-എസ്.ടി. വിഭാഗങ്ങൾക്ക് നൽകുന്ന ഭവന പുനരുദ്ധാരണ സഹായവും വർധിപ്പിക്കുന്നത് പരിശോധിക്കുമെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

12 (*62) <u>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലി</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) നൽകിയ മറുപടിയിൽ, പട്ടികവർഗ്ഗ വിഭാഗത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ സാമൂഹിക സാമ്പത്തിക ഉന്നമനം സാധ്യമാക്കുന്നതിനും പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടെന്നും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആധുനികീകരണത്തിലൂടെ ഗുണഭോക്താക്കൾക്ക് വിവിധ പദ്ധതികളുടെ നേട്ടങ്ങൾ വേഗത്തിലും കാര്യക്ഷമമായും എത്തിക്കുവാനും ഇ-ഓഫീസ് സംവിധാനത്തിലൂടെ സേവനങ്ങൾ സുതാര്യമാക്കാനും സാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പുത്തൻ സാങ്കേതികവിദ്യയുടെ വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ട് പട്ടികവർഗ്ഗ യുവജനതയെ കരുത്തുറ്റ സമൂഹമാക്കി മാറ്റുന്നതിനും സാധിച്ചിട്ടുണ്ടെന്നും സുവർണ്ണ ജൂബിലിയുടെ ഭാഗമായി രൂപീകരിച്ച ടാസ്ക് ഫോഴ്സ് ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

അർഹരായ വിദ്യാർഥികൾക്ക് ഇന്റർനെറ്റ് കണക്ഷൻ ഉൾപ്പെടെയുള്ള പഠനമുറികൾ അനുവദിക്കുമെന്നും ഗോത്രബന്ധു, വിദ്യാവാഹിനി പദ്ധതികളിലൂടെയും ട്രൈബൽ പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ എന്നിവരുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെയും സ്കൂളുകളിൽനിന്നും എസ്.സി./എസ്.ടി. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും സാധിച്ചിട്ടുണ്ടെന്നും പുതിയ തലമുറയ്ക്ക് സ്കിൽ ട്രെയിനിങ് നൽകി പ്ലെയ്സ്മെന്റ് ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടെന്നും വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കളിൽ ആധുനിക രീതിയിലുള്ള ട്രേഡുകൾ ആരംഭിക്കുമെന്നും എസ്.സി./എസ്.ടി. വിദ്യാർഥികളുടെ ഗ്രാന്റ് സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആറളം ഫാമിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും 'പി.കെ. കാളൻ പദ്ധതി' സംസ്ഥാന വ്യാപകമായി നടപ്പാക്കുന്ന കാര്യം പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

13 (*63) ജൽ ജീവൻ പദ്ധതി

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടിയിൽ, ജൽജീവൻ പദ്ധതിയുടെ കാലാവധി 2028 വരെ ദീർഘിപ്പിട്ടുണ്ടെന്നും പദ്ധതി

മുഖേന ഗ്രാമീണ മേഖലയിൽ 38.62 ലക്ഷം വീടുകൾക്ക് കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വിവിധ സ്കീമുകളിലായി 3214 പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നുണ്ടെന്നും പദ്ധതി നടത്തിപ്പിന് ഇതുവരെ കേന്ദ്ര വിഹിതമായി 5610.30 കോടി രൂപ ലഭിച്ചിട്ടുണ്ടെന്നും സംസ്ഥാനവിഹിതമായി 6033.29 കോടി രൂപ നൽകിയിട്ടുണ്ടെന്നും കേന്ദ്രം അനുവദിച്ച തുക ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥ ഉണ്ടായിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. കരാറുകാർക്ക് തുക നൽകുന്നതിനും ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ ബാധിക്കാതിരിക്കുന്നതിനുമായി നബാർഡിൽനിന്നും 9,000 കോടി രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് മന്ത്രി കൂട്ടിച്ചേർത്തു. ശബരിമല തീർത്ഥാടകർക്ക് നിലയ്ക്കൽ കുടിവെള്ള പദ്ധതിയിലൂടെ കുടിവെള്ളം ലഭ്യമാക്കാൻ സാധിക്കുമെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

14 (*64) <u>ഇടമലക്കുടിയിൽ വീട്ടമ്മയെ ചുമന്ന് ആശുപത്രിയിലെത്തിച്ച സംഭവം</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) നൽകിയ മറുപടിയിൽ, ഇടമലക്കുടിയിൽ കൂടലാർകുടി

പ്രദേശത്ത് വീട്ടമ്മയെ ചുമന്ന് ആശുപത്രിയിലെത്തിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കൂടലാർകുടിയിൽ റോഡുകൾ നിർമ്മിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണെന്നും ഇടമലക്കുടിയിലേക്കുള്ള റോഡ് നിർമ്മാണത്തിന്റെ ഒന്നാംഘട്ടം ഏകദേശം പൂർത്തിയായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിൽ ക്രമക്കേടുകൾ നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.